# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2256 | 23.03.2012-ൽ മറുപടിയ്ക്ക്

### കാട്ടുതീ തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി | |
| എ) | വയനാട് ജില്ലയിലെ ഓരോ ഡിവിഷനിലും കഴിഞ്ഞ മൂന്നുവർഷങ്ങളിൽ വനം വകുപ്പ് അഗ്നിപ്രതിരോധപ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക, നടത്തിയ പ്രവർത്തനം എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ ; | എ) | വയനാട് ജില്ലയിൽ ഓരോ ഡിവിഷനിലും കഴിഞ്ഞ 3 വർഷങ്ങളിൽ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ച തുകയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.<br>ഫയർലൈൻ നിർമ്മിക്കൽ, ഫയർവാച്ചർമാരെ നിയോഗിക്കുക, കാട്ടുതീയുടെ ഭവിഷ്യത്തിനെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുക, മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുക, സെമിനാറുകൾ സംഘടിപ്പിക്കുക എന്നിവയ്ക്കാണ് മേൽ തുക ഉപയോഗിച്ചിട്ടുളളത്. |
| ബി) | കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ജില്ലയിൽ അഗ്നിബാധയുണ്ടായ സ്ഥലവിസ്തൃതി എത്രയെന്ന് ഡിവിഷൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ; | ബി) | കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വയനാട് ജില്ലയിൽ ഉണ്ടായ അഗ്നിബാധയുടെ വിവരം ഡിവിഷൻ തിരിച്ച് അനുബന്ധം രണ്ടായി ചേർക്കുന്നു. |
| സി) | കാട്ടിലെ അഗ്നിബാധ തടയുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ? | സി) | വേനൽക്കാലത്ത് കാട്ടുതീമൂലം വനനശീകരണം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയുളള എല്ലാ മുൻകരുതലുകളും വനംവകുപ്പ് വർഷാവർഷം സ്വീകരിച്ചുവരുന്നുണ്ട്. പ്രധാനമായും കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുളള വനമേഖലകളെ ഖണ്ഡങ്ങളായി തിരിച്ച് ഫയർലൈൻ തെളിച്ചുവരുന്നു. ഈ സാമ്പത്തികവർഷം ഡിസംബർ/ജനുവരി മാസംമുതൽ ഫയർലൈൻ തെളിക്കുന്നതിനുളള നടപടി ആരംഭിച്ചിട്ടുണ്ട്. റിസർവ് വനത്തിന്റെ അതിർത്തികളിലും തോട്ടങ്ങൾക്ക് ചുറ്റും ഫയർലൈനുകൾ തെളിക്കാനും |

റെയിഞ്ച് തലത്തിൽ ഫയർ ഗാംങ്ങുകൾ രൂപീകരിച്ച് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനായി എല്ലാ സർക്കിൾതല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അടിയന്തര നിർദേശം നൽകിയിട്ടുണ്ട്. കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിരന്തരം പെട്രോളിംഗ് നടത്തുവാനും പരിചയ സമ്പന്നരായ ആദിവാസികളെയും പരിസരവാസികളെയും ഫയർവാച്ചർമാരായി നിയമിക്കുവാനും ഫയർവാച്ച് ടവറുകളിലും ട്രീ ടോപ്മച്ചാനിലും നിരീക്ഷണത്തിന് നിയോഗിക്കുവാനും വനസംരക്ഷണ സമിതി, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ സേവനം കാട്ടുതീ തടയുന്നതിനായി ഉപയോഗിക്കുവാനും, വനമേഖലകളിലെ കളളവാറ്റ് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാനും ആവശ്യമായ നിർദ്ദേശം എല്ലാ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും റെയിഞ്ചർമാർക്കും നൽകിയിട്ടുണ്ട്. വയർലസ്, മൊബൈൽ സംവിധാനം ശക്തിപ്പെടുത്തിയും കാട്ടുതീ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് എത്രയും പെട്ടെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനു പൊതു ജനങ്ങൾക്കിടയിൽ ആവശ്യമായ പ്രചരണം നടത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വനമേഖലകളോട് ചേർന്നുള്ള പ്രദേശങ്ങളിൽ പൊതുജനങ്ങൾക്കുവേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

| | ഡിവിഷൻ | ചെലവാക്കിയ തുക (ലക്ഷത്തിൽ) | | |
|---|---|---|---|---|
| | | 2008-09 | 2009-10 | 2010-11 |
| 1 | നോർത്ത് വയനാട് | 28.33 | 29.84 | 34.90 |
| 2 | സൗത്ത് വയനാട് | 26.05 | 31.22 | 33.17 |
| 3 | വയനാട് വൈൽഡ്ലൈഫ് | 12.918 | 12.41 | 16.97 |

അനുബന്ധം 2

| | ഡിവിഷൻ | അഗ്നിബാധയുടെ വിവരം (ഹെക്ടറിൽ) | | |
|---|---|---|---|---|
| | | 2008-09 | 2009-10 | 2010-11 |
| 1 | നോർത്ത് വയനാട് | 101.814 | 70.25 | 180.86 |
| 2 | സൗത്ത് വയനാട് | 335.308 | 100.513 | 620.717 |
| 3 | വയനാട് വൈൽഡ്ലൈഫ് | 281.22 | 6.00 | 6.35 |

സെക്ഷൻ ഓഫീസർ